# പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1718 17-06-2013 ന് മറുപടിയ്ക്ക്**

## വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, എം.എ. വാഹീദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടി, ഒരു വർഷ കർമ്മ പരിപാടി, വനംവകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' എന്നിവയുടെ ഭാഗമായി വനംവകുപ്പിൽ ദീർഘകാലമായി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) ആയതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ;<br><br>(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | (ബി)<br>(സി)<br>(ഡി) ദീർഘകാലമായി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് എത്രയും വേഗം ഉചിതമായ അന്തിമ തീരുമാനമെടുത്ത് ഫയലുകൾ തീർപ്പാക്കി ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ നീതി ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.<br><br>സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനംവകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സ്വീകരിച്ച തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് 44731 ഫയലുകളിൽ അന്തിമ തീർപ്പായിട്ടുണ്ട്. |

സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായി ഫയലുകൾ തീർപ്പാക്കുന്നതിനായി പ്രത്യേക നടപടി സ്വീകരിക്കുകയും റെയിഞ്ച് തലം മുതൽ വനംവകുപ്പ് ആസ്ഥാനം വരെ തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി കാലപ്പഴക്കത്തിന് മുൻഗണന നൽകി ഫയലുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. അതിന്റെ ഭാഗമായി സർക്കാർ തലത്തിൽ 14.11.2012 മുതൽ 17.11.2012 വരെ അദാലത്ത് സംഘടിപ്പിച്ച് 2010 വരെയുള്ള ഫയലുകളിലെ നടപടി ത്വരിതപ്പെടുത്തുകയും അന്തിമ ഉത്തരവ് നൽകാവുന്നത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

2012 ഫെബ്രുവരി മുതൽ വനംവകുപ്പിൽ നടപ്പിലാക്കിവരുന്ന 'സാറ്റർഡേ പ്രോഗ്രാം' പ്രകാരം വനംവകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും എല്ലാ ആഴ്ചയിലെയും അവസാന പ്രവൃത്തിദിവസം പ്രസ്തുത ഓഫീസിലെ ഓഫീസ് മേധാവി ഉൾപ്പെടെ എല്ലാ ജീവനക്കാരും ചേർന്ന് അതാത് ഓഫീസിൽ തന്നെ ഫയലുകൾ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക നടപടി സ്വീകരിച്ചുവരുന്നു.

ഓരോ ഓഫീസിലും അതാത് ആഴ്ചയിൽ തീർപ്പാക്കുന്ന ഫയലുകളുടെ എണ്ണം വനംവകുപ്പ് ആസ്ഥാനത്ത് അറിയിക്കുകയും വകുപ്പ് മേധാവികളുടെ പ്രതിവാര അവലോകന യോഗത്തിൽ ഇതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. സർക്കിൾ തലത്തിലും വനംവകുപ്പ് ആസ്ഥാനത്തും ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ